ശ്രീ. വി. ശ്രീധരൻ : പഞ്ചായത്ത് ക്ലാർക്കന്മാരുടെ സംഘടന ഇക്കാര്യത്തെ സംബന്ധിച്ച് ഒരു മെമ്മോറാണ്ടം നൽകിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ട്.

ശ്രീ. വി. ശ്രീധരൻ : അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. കെ. കൊച്ചുകുട്ടൻ : അത് ഗവണ്മെൻറാലോചനയിലിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോൾ തിരഞ്ഞെടുക്കുന്ന ക്ലാർക്കന്മാർക്ക് എന്തു കപ്പാളിഫിക്കേഷനാണ് നിശ്ചയിച്ചിട്ടുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്സ്റ്റഡിഫൈനൽ പാസ്സായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. പ്രാക്കുളം ഭാസി : മിനിമം കപ്പാളിഫിക്കേഷൻ ഇല്ലാത്ത ആളുകളെ നിയമിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : പഴയ കൊച്ചിയിൽ പഞ്ചായത്ത് ക്ലാർക്കന്മാരായിരുന്ന ആളുകൾ ഇപ്പോഴും തുടരുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോഴും അവർ ക്ലാർക്കന്മാരായി ജോലി നോക്കിവരികയാണ്.

മദ്യനിരോധനാന്വേഷണക്കമ്മീഷൻ.

* 197. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനാന്വേഷണക്കമ്മീഷൻ ഈ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷന്റെ മുമ്പാകെ മദ്യനിരോധനം സംബന്ധിച്ച് ഗവണ്മെൻറ് വല്ല നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്താണെന്നു വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പ് മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) സന്ദർശിച്ചിട്ടുണ്ട്.

(ബി) കമ്മീഷന്റെ മുമ്പാകെ ഗവണ്മെൻറ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) നിർദ്ദേശങ്ങളുടെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

ശ്രീ. വി. ശ്രീധരൻ : ഈ നിർദ്ദേശത്തിൽ തിരുവിതാംകൂർ-കൊച്ചിയിൽ ഒട്ടാകെ മദ്യനിരോധനം ഏർപ്പെടുത്തണമെന്നു രേഖപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ട്.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : ഇന്ന മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ അതു പരിപൂർണ്ണമായും വിജയിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. എ. എ. റഹിം : ചില വൈകല്യങ്ങൾ ഉണ്ടെന്നറിയാം.

ശ്രീ. പ്രാക്കുളം ഭാസി : അടുത്ത വർഷത്തിൽ ഏതെങ്കിലും താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : അതു ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

ശ്രീ. എ. എ. ഡി. ലൂയിസ് : ഈ കമ്മിഷനുമായി ഇൻറർവ്യൂ നടത്താൻ ആവശ്യപ്പെട്ടവർക്ക് അവസരം നൽകിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : അറിയാൻ പാടില്ല.

ശ്രീ. എം. വി. ചെറിയാൻ : മദ്യനിരോധനം സംസ്ഥാനമൊട്ടാകെ എന്നത്തേയ്ക്കു നടപ്പാക്കും എന്നു പറയാമോ?

ശ്രീ. എ. എ. റഹിം : അതിനെപ്പറ്റി ആലോചിച്ചു. തീരുമാനം സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. ചെറിയാൻ : അടുത്തവർഷം ഏതെങ്കിലും താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്തുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : അതിനെപ്പറ്റി പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. ജി. ചാക്കോ : മദ്യനിരോധനക്കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി ഈ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ : മദ്യനിരോധനം ഏർപ്പെടുത്തുമ്പോൾ തൊഴിലില്ലാതായിത്തീരുന്ന ചെത്തുതൊഴിലാളികളുടെ കാര്യം ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. എ. എ. റഹിം : ശ്രദ്ധിക്കുന്നതാണ്.

അടകടികൾ.

* 198. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) 1955-ൽ എത്ര അടകടികൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) എല്ലാ വില്ലേജാഫീസുകളിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫാറം ലഭിച്ചിട്ടില്ലെന്ന പരാതി ഗവണ്മെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഉടനടി ഈ പരാതിക്കു പരിഹാരം ഉണ്ടാക്കുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) 2333 അടകടി അപേക്ഷകൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly